നവകേരളം വാർത്ത
ന്യൂസ്‌ലെറ്റർ
2024 ആഗസ്റ്റ് വാല്യം 1
ഓൺലൈൻ വായനയ്ക്ക്
38
നവ കേരളം കർമ്മപദ്ധതി

# വയനാട് ഉരുൾപൊട്ടൽ മേഖലയിലെത്തി മുഖ്യമന്ത്രി;

## മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും വിലയിരുത്തി

വയനാട് ഉരുൾപൊട്ടൽ ദുരന്തമേഖലയിൽ മാലിന്യ സംസ്കരണം മികച്ച രീതിയിലാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വയനാട് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ നിന്ന് 110 ഓളം ഹരിത കർമസേനാംഗങ്ങളാണ് സേവനം നൽകുന്നത്. ക്യാമ്പുകളിലും വിവിധ മേഖലകളിലുമായി 112 മാലിന്യ ശേഖരണ ബിന്നുകളും ദുരന്തമേഖലയിലും ക്യാമ്പുകളിലുമായി 46 ബയോ ടോയ്‌ലെറ്റുകളും സ്ഥാപിച്ചു. കല്പറ്റ നഗരസഭയിലെ 10 കെ.എൽ.ഡി കപ്പാസിറ്റിയുള്ള കക്കൂസ് മാലിന്യ സംസ്കരണ പ്ലാന്റ് ഉപയോഗിക്കുന്നുണ്ട്. അജൈവ മാലിന്യം ശേഖരിക്കുന്നതിനായി 4 മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.



ജൈവ മാലിന്യ സംസ്കരണത്തിനായി കല്പറ്റ നഗരസഭയുടെ വിൻഡ്രോ കമ്പോസ്റ്റ് സംവിധാനവും അജൈവ മാലിന്യ പരിപാലനത്തിനായി എം.സി. എഫ് സംവിധാനവും ഉപയോഗപ്പെടുത്തുന്നു. ക്യാമ്പുകളിലെ ഖരദ്രവ മാലിന്യ സംസ്കരണത്തിനായി പുതിയ കമ്പോസ്റ്റ് പിറ്റുകളും സോക്ക് പിറ്റുകളും നിർമ്മിച്ചിട്ടുണ്ട്.

# ലൈഫിൽ 22500 വീടുകൾക്ക് 350 കോടി അനുവദിച്ചു

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫിലൂടെ ഗ്രാമപഞ്ചായത്തുകളിൽ നിർമ്മാണം പുരോഗമിക്കുന്ന വീടുകൾക്കായി 350 കോടി രൂപ അനുവദിച്ചു. 22500 ഗുണഭോക്താക്കൾക്ക് ഇതിന്റെ ഗുണം ലഭിക്കും. നിർമ്മാണത്തിനാവശ്യമായ തുകയുടെ വായ്പാവിഹിതമാണിതെന്ന് മന്ത്രി എം.ബി. രാജേഷ് അറിയിച്ചു. നഗരസഭകൾക്ക് ഒരു



മാസത്തിനുള്ളിൽ 217 കോടി രൂപ കൂടി ഉടൻ അനുവദിക്കും. 2016 ൽ അഞ്ചുലക്ഷം വീടുകൾ പൂർത്തിയാക്കുകയാണ് ലക്ഷ്യം. എന്നാൽ അതിലേറെ വീടുകൾ പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷ. ഇതിനകം 5,13,072 വീടുകളാണ് അനുവദിച്ചത്. ഇതിൽ 4,06,768 വീടുകൾ നിർമ്മാണം പൂർത്തിയാക്കി. 1,06,304 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

# കോസടി ഗവ. യു.പി. സ്കൂളിന് പുതിയ മന്ദിരം



പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ട്രൈബൽ ഡെവലപ്മെന്റ് ഫണ്ട് 3 കോടി മുതൽ മുടക്കി കോട്ടയം ജില്ലയിൽ കോസടി ഗവ.യു.പി. സ്കൂളിൽ പണിതീർത്ത പുതിയ കെട്ടിടത്തിന്റെയും സമഗ്ര ശിക്ഷാ കേരളയുടെ ഫണ്ടിൽനിന്നും 10 ലക്ഷം മുടക്കി നിർമ്മിച്ച വർണ്ണ കൂടാരത്തിന്റെയും ഉദ്ഘാടനം മന്ത്രി വി.ശിവൻകുട്ടി നിർവ്വഹിച്ചു. സെബാസ്റ്റ്യൻ കുളത്തുങ്കൽ എം.എൽ.എ. ചടങ്ങിൽ അധ്യക്ഷനായി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അജിതാ രതീഷ്, കോരുത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീജാ ഷൈൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറ് ശുഭേഷ് സുധാകരൻ, വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ കെ.ജെ. പ്രസാദ്, ഹെഡ്മിസ്ട്രസ് ശോഭനകുമാരി എന്നിവർ സംസാരിച്ചു.

## എഡിറ്റോറിയൽ

# തെങ്ങിനു തടം മണ്ണിനു ജലം

### ജനകീയ ക്യാമ്പയിനുമായി ഹരിതകേരളം മിഷൻ



മഴവെള്ളവും മണ്ണും തമ്മിൽ നേരിട്ടുള്ള സമ്പർക്കം വരുന്ന സ്ഥല വിസ്തൃതി കുറഞ്ഞു വരുന്നതു മുന്നിൽ കണ്ടും വിള പരിപാലനത്തിനോടൊപ്പം മഴവെള്ളം മണ്ണിലേക്ക് എത്തിക്കാനും ലക്ഷ്യമിട്ട് ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് 'തെങ്ങിന് തടം മണ്ണിന് ജലം' പദ്ധതിക്ക് തുടക്കം കുറിക്കുകയാണ്.

തെങ്ങിന് തടം തുറന്ന് കുമ്മായം, പച്ചില, ചാണകം, ചാരം, കല്ലുപ്പ്, മറ്റ് ജൈവ വളങ്ങൾ തുടങ്ങിയവ ഇട്ടുമൂടുന്ന കാർഷിക പാരമ്പര്യത്തെ ഭൂമിയ്ക്കായി വീണ്ടെടുക്കാനും ക്യാമ്പയിൻ ലക്ഷ്യമിടുന്നു. തടം തുറന്ന് പുതയിട്ട തെങ്ങിൻ ചുവട്ടിൽ കൊടിയ വേനലിൽ പോലും നനവ് നിലനിൽക്കും. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ പദ്ധതിയുടെ ഭാഗമായാണ് ജനകീയ ജലസംരക്ഷണ പരിപാടിയെന്ന നിലയിൽ 'തെങ്ങിന് തടം മണ്ണിന് ജലം' ക്യാമ്പയിൻ നടപ്പാക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ക്യാമ്പയിൻ പ്രായോഗിക തലത്തിലെത്തിക്കുന്നത്. ആദ്യ ഘട്ടത്തിൽ ഒരു ബ്ലോക്കിലെ ഒരു വാർഡിൽ ക്യാമ്പയിൻ നടപ്പാക്കും. ജലക്ഷാമം രൂക്ഷമായി അനുഭവപ്പെടാറുള്ള വാർഡിനാണ് മുൻഗണന. ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലാണ് പ്രവർത്തനം.

കാലവർഷത്തിലെ അവസാന മഴയും തുലാവർഷവും പരമാവധി സംഭരിക്കുകയാണ് ലക്ഷ്യം. വീട്ടുവളപ്പിലെ ഒരു തെങ്ങാണെങ്കിൽ പോലും ചുറ്റും തടമെടുക്കുന്നത് ഗുണം ചെയ്യും. അതിനാൽ വീട്ടുവളപ്പിലെ തെങ്ങുകൾക്ക് തടമെടുക്കുന്നതിനാണ് ക്യാമ്പയിൻ ഊന്നൽ നൽകുന്നത്. തദ്ദേശ സ്ഥാപന തലത്തിലും വാർഡ് തലത്തിലും സംഘാടക സമിതി രൂപീകരിച്ച് സന്നദ്ധ പ്രവർത്തകരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി ക്യാമ്പയിൻ നടപ്പാക്കും. കാർഷിക വികസന സമിതി, കർഷക സംഘടനകൾ, കർഷക തൊഴിലാളികൾ, യുവജന സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുടെ പങ്കാളിത്തവും ഉറപ്പാക്കും.

ഡോ. ടി.എൻ. സീമ
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## ചുമതലയേറ്റു



നവകേരളം കർമപദ്ധതി ഇടുക്കി ജില്ലാ കോർഡിനേറ്ററായി അജയ് പി. കൃഷ്ണ (അസി. പ്രൊഫസർ & ഹെഡ്, ഫിസിക്കൽ എഡ്യൂക്കേഷൻ, ഗവ. കോളേജ് കട്ടപ്പന, ഇടുക്കി) ചുമതലയേറ്റു. കോളേജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിലാണ് നിയമനം.

# കൊട്ടാരക്കര നിയോജക മണ്ഡലം സമഗ്ര വികസനം പദ്ധതി പ്രഖ്യാപനം




കൊല്ലം കൊട്ടാരക്കര നിയോജക മണ്ഡലം സമഗ്ര വികസനം ലക്ഷ്യമിട്ട് മണ്ഡലം എം.എൽ.എ. കൂടിയായ ധനകാര്യ വകുപ്പ് മന്ത്രി കെ.എൻ. ബാലഗോപാലിന്റെ നേതൃത്വത്തിൽ സംസ്ഥാന ഭൂവിനിയോഗ ബോർഡ് ഏകദിന ശിൽപശാല സംഘടിപ്പിച്ചു. കൊട്ടാരക്കര ജൂബിലി മന്ദിരം ഹാളിൽ നടന്ന ശിൽപശാലയിൽ കൊട്ടാരക്കര നഗരസഭ ചെയർമാൻ എസ്.ആർ. രമേഷ് അദ്ധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ മുഖ്യ പ്രഭാഷണം നടത്തി. ഭൂവിനിയോഗ കമ്മീഷണർ യാസിൻ എൽ. റഷീദ് സ്വാഗതം ആശംസിച്ചു.

കൃഷിയും അനുബന്ധ മേഖലകളും, മണ്ണ്-ജല സംരക്ഷണം, പരിസ്ഥിതി സംരക്ഷണവും ടൂറിസവും, ജീവനോപാധി, മാലിന്യസംസ്കരണം എന്നീ പ്രധാന മേഖലകളിലാണ് മുഖ്യമായും വികസന പ്രവർത്തനങ്ങൾ ലക്ഷ്യമിടുന്നത്. ജലസുരക്ഷ ഉറപ്പാക്കുന്നതിനോടൊപ്പം വൃത്തിയുള്ള വെള്ളം, നീരൊഴുക്ക്, കുടിവെള്ളം എന്നിവ ഉറപ്പുവരുത്തും. പുതിയ കൃഷി രീതികളും വരുമാനം കൂടുതൽ ലഭിക്കുന്ന കൃഷികളും, നിലവിലുള്ള കൃഷി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനവും, മൃഗസംരക്ഷണവും ഫലവൃക്ഷ വ്യാപനവുമാണ് കൃഷിയിലൂടെ ലക്ഷ്യമിടുന്നത്. പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട ടൂറിസം പദ്ധതികളും ഇതിലൂടെ പ്രദേശവാസികൾക്ക് വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള പ്രാദേശിക ടൂറിസവും മെച്ചപ്പെടുത്തും. ഒരു ലക്ഷം തെങ്ങിൻ തൈകളും ഒരു ലക്ഷം അത്യുൽപാദന ശേഷിയുള്ള കശുമാവിൻ തൈകളും, കല്ലട ആറിന്റെ തീരങ്ങളിൽ ഒരു ലക്ഷം മുള തൈകളും വെച്ചുപിടിപ്പിക്കുകയും ചെയ്യും.

ഒക്ടോബർ 2 മുതൽ മാർച്ച് 31 വരെ കേരളത്തിലുടനീളം ആരംഭിക്കുന്ന മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയിൻ കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ മാതൃകാ പരമായി നടപ്പിലാക്കും. ഇതിനായി തദ്ദേശ സ്ഥാപന



തലത്തിലും വാർഡ്തലത്തിലും സംഘാടക സമിതികൾ രൂപീകരിക്കും. ഒക്ടോബർ 2ന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മണ്ഡലം അടിസ്ഥാനത്തിലും, തദ്ദേശ സ്ഥാപന അടിസ്ഥാനത്തിലും, വാർഡ് തലത്തിലും മുൻഗണന അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട ഓരോ പ്രവൃത്തി വീതം ആരംഭിക്കുന്നതാണ്.

പുലമൺ തോട് പുനരുജ്ജീവിപ്പിക്കുന്നതിനായി വൻ ജനകീയ പങ്കാളിത്തത്തോടെ വീണ്ടെടുക്കൽ പ്രവർത്തനം ആരംഭിക്കും. ഹരിതകേരളം മിഷൻ ഒ.ഡി.കെ കളക്ട് മൊബൈൽ ആപ്ലിക്കേഷനിലൂടെ പുലമൺ തോടിലേക്ക് ഒഴുകി എത്തുന്ന മാലിന്യത്തിന്റെ സ്രോതസ്സുകൾ കണ്ടെ

ത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനാവശ്യമായ ദ്രവമാലിന്യ സംസ്കരണ പ്ലാന്റ് ഉൾപ്പെടെ സജ്ജീകരിച്ച് പുലമൺ തോടിന്റെ സംരക്ഷണം ഏറ്റെടുക്കും. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് കൊട്ടാരക്കര നഗരസഭയിൽ നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്ററുടെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേരും.

## പത്തനംതിട്ടയിൽ ബ്ലോക്കുതല

# അക്കാദമിക മാസ്റ്റർ പ്ലാൻ

പത്തനംതിട്ട ജില്ലയിലെ 11 ബ്ലോക്ക് റിസോഴ്സ് സെന്ററുകളുടെയും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും നേതൃത്വത്തിൽ ജില്ലയിലെ എല്ലാ ബി ആർ സി കളിലും ഈ അധ്യയന വർഷം സമഗ്ര ഗുണമേന്മ പദ്ധതിയുമായി ബന്ധപ്പെട്ടു നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി. ഒന്നു മുതൽ 4 വരെയുള്ള ക്ലാസുകളിലെ അടിസ്ഥാന ഭാഷാ, ഗണിതശേഷി വികാസത്തിനായുള്ള പ്രവർത്തന പാക്കേജ്, ക്ലസ്റ്റർ തല അക്കാദമിക കൂട്ടായ്മ, പഞ്ചായത്ത് തല അക്കാദമിക വിഭവങ്ങളുടെ പങ്ക് വയ്ക്കൽ, സ്കൂൾ തല തനതു പ്രവർത്തനങ്ങളുടെ വിലയിരുത്തൽ, കുട്ടികളുടെ പോർട്ട് ഫോളിയോ, പ്രവൃത്തിപരിചയവുമായി ബന്ധപ്പെട്ട അധ്യാപക



പരിശീലനങ്ങൾ, രക്ഷാകർത്തൃ ബോധവൽക്കരണ ക്ലാസുകൾ, പഞ്ചായത്ത് തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഫോക്കസ് സ്കൂൾ പ്രവർത്തനങ്ങൾ, ബി.ആർ.സി. യുടെ നേതൃത്വത്തിൽ ഉള്ള സ്കൂൾ അറ്റാച്ച്മെന്റ് പ്രോഗ്രാം, ആശയ ഗ്രഹണ വായനയ്ക്കു അനുഗുണമായ വിവിധതരം ക്ലാസുകൾ തുടങ്ങി വ്യത്യസ്ത പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ ബ്ലോക്ക് തല അക്കാദമിക മാസ്റ്റർ പ്ലാനുകളാണ് ജില്ലാ കളക്ടേറ്റ് കോൺഫറൻസ് ഹാളിൽ വച്ച് പ്രകാശനം ചെയ്തത്. ജില്ലാ കളക്ടർ എസ്. പ്രേംകൃഷ്ണൻ ഐ.എ.എസ്., നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ അനിൽകുമാർ, വിദ്യാകിരണം ജില്ലാ കോർഡിനേറ്റർ ഡോ. ലെജു പി. തോമസ്, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ബി.ആർ. അനില, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബ്ലോക്ക് പ്രോജക്ട് കോർഡിനേറ്റർമാർ എന്നിവർ പങ്കെടുത്തു.

## വെച്ചൂച്ചിറയിൽ ഇനി ഹരിത വിദ്യാലയങ്ങൾ

ഹരിത വിദ്യാലയ മാതൃകാ ചട്ടങ്ങൾ പാലിച്ച് പത്തനംതിട്ട വെച്ചൂച്ചിറ ഗ്രാമപഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളും ഹരിത വിദ്യാലയ പദവി നേടി. നവകേരളം വൃത്തിയുള്ള കേരളം എന്ന സന്ദേശം വിദ്യാർഥികളിലൂടെ സമൂഹത്തിലേക്ക് എത്തിക്കുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹരിത വിദ്യാലയം.

പൊതുശുചിത്വം, മാലിന്യ സംസ്കരണം, ജല സംരക്ഷണം, ഊർജ്ജ സംരക്ഷണം, കൃഷി-പരിസ്ഥിതി സംരക്ഷണം എന്നിവയിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിലാണ് വിദ്യാലയങ്ങളെ വിലയിരുത്തി ഹരിത വിദ്യാലയ പദവി നൽകിയത്. സമ്പൂർണ ഹരിത വിദ്യാലയ പ്രഖ്യാപനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ടി. കെ. ജെയിംസ് നിർവഹിച്ചു. വൈസ് പ്രസിഡന്റ് പൊന്നമ്മ ചാക്കോ അധ്യക്ഷത വഹിച്ചു. ഹരിത പദവി നേടിയ വിദ്യാലയങ്ങൾ സ്ഥാപനങ്ങൾ എന്നി



വയ്ക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ജില്ല പഞ്ചായത്ത് അംഗം ജെസി അലക്സ് നിർവഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ജി. അനിൽകുമാർ മുഖ്യ പ്രഭാഷണം നടത്തി.

ഗവ. എൽ പി എസ് പരുവ,സി എം എസ് എൽ പി എസ് എണ്ണൂറാംവയൽ, ഗവ. എൽ പി എസ് വാറ്റുകുന്ന്,എം.റ്റി. വി എച്ച് എസ് എസ് കുന്നം, സെന്റ് ജോർജ്ജ് ഇ എ എൽ പി എസ് കുരുമ്പൻമൂഴി, പി റ്റി പി എം എൽ പി സ്കൂൾ .എസ് എൻ ഡി പി എച്ച് എസ് എസ് വെൺകുറിഞ്ഞി, എസ് എൻ ഡി പി എച്ച് എസ് വെൺകുറിഞ്ഞി, ഗവ എൽ പി എസ് ചാത്തൻതറ, യു പി സ്കൂൾ കൊല്ലമുള, സെന്റ് ജോർജ് ഇ എ എൽ പി സ്കൂൾ കുന്നം, സെന്റ് തോമസ് ഹൈ സ്കൂൾ വെച്ചൂച്ചിറ, ഗവ.എച്ച്.എസ്.എസ് വെച്ചൂച്ചിറ എന്നീ വിദ്യാലയങ്ങൾക്കാണ് ഹരിതപദവി ലഭിച്ചത്.

## വന്നേരി ഹൈസ്കൂളിൽ

# ജൈവ പച്ചക്കറി കൃഷി

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ മലപ്പുറം പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്, കൃഷിവകുപ്പ്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ സംയുക്തമായി നടപ്പിലാക്കുന്ന ജൈവ പച്ചക്കറി കൃഷി പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി. നിസാർ ഉദ്ഘാടനം ചെയ്തു. 40 വിദ്യാർത്ഥികൾ അടങ്ങുന്ന ടീമിനാണ് കൃഷിയുടെ പരിപാലനം.



# ഹരിത തീരത്തിനും തീര സംരക്ഷണത്തിനുമായ് 'കണ്ടൽ ബ്രിഗേഡ് '

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും സംയുക്തമായി നടപ്പിലാക്കുന്ന കണ്ടൽബ്രിഗേഡ് പദ്ധതി എച്ച്. സലാം എം.എൽ.എ. ഉദ്ഘാടനം ചെയ്തു. പുറക്കാട് ഗ്രാമപഞ്ചായത്ത്-തോട്ടപ്പള്ളിയിൽ



സ്പിൽവേയ്ക്ക് പടിഞ്ഞാറുവശം ചിൽഡ്രൻസ് പാർക്കിനു തെക്ക് വശത്തായി കണ്ടൽ തൈകൾ നട്ടു കൊണ്ടാണ് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചത്. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 5 ഗ്രാമപഞ്ചായത്തുകളിലെയും കടൽ തീരങ്ങൾ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ഹരിത ടൂറിസത്തിന്റെ സാധ്യതകൾ ഏറ്റെടുത്തു കൊണ്ടുള്ള കർമപദ്ധതിയാണിത്. കടലാക്രമണത്തിന് ഏറെ സാധ്യതയുള്ള തോട്ടപ്പള്ളി മുതൽ ഏകദേശം 19 കിലോമീറ്റർ വരുന്ന കടൽത്തീരമാണ് ഇതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഷീബാ രാകേഷ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഹരിതകേരളം മിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ എസ്.യു. സഞ്ജീവ് മുഖ്യാതിഥിയായി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ എസ്. ശ്രീകുമാർ മുഖ്യ പ്രഭാഷണം നടത്തി. ഡോ. പത്മകുമാർ (പരിസ്ഥിതി ശാസ്ത്രജ്ഞൻ), കെ.എസ്. രാജേഷ് (നവകേരളം കർമപദ്ധതി, ജില്ലാ കോർഡിനേറ്റർ, ആലപ്പുഴ) ശ്രീജിത്ത് പൈതലൻ (കണ്ടൽ പരിപാലകൻ) എന്നിവരെ ചടങ്ങിൽ ആദരിച്ചു.

# മേക്കപ്പാലയെ ഹരിതസമൃദ്ധമാക്കും

എറണാകുളം പെരുമ്പാവൂർ വേങ്ങൂർ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അഞ്ചാംവാർഡിൽ 'ഹരിതസമൃദ്ധി വാർഡ് മേക്കപ്പാല' എന്ന പദ്ധതി ആരംഭിച്ചു. വാർഡിലെ എല്ലാ വിടുകളിലും കൃഷി, ശുചിത്വം, ജലസംരക്ഷണം, ആരോഗ്യപരിപാലനം, ഊർജസംരക്ഷണം എന്നിവ വീട്ടുകാരുടെയും സാമൂഹിക സന്നദ്ധ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ ഹരിതകേരളം മിഷൻ മാനദണ്ഡമനുസരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ഹരിതസമൃദ്ധി വാർഡ് മേക്കപ്പാല. തുരുത്തിക്കര സയൻസ് സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ പി.എ. തങ്കച്ചൻ ഹരിതസമൃദ്ധി



പദ്ധതിയും, ഹരിതകേരളം മിഷൻ സ്റ്റേറ്റ് മിഷൻ പ്രോഗ്രാം ഓഫീസർ യു.സുരേഷ് പച്ചക്കറിത്തൈകളുടെ വിതരണവും ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ശിൽപ്പ സുധീഷ് അധ്യക്ഷയായി. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി പദ്ധതി വിശദീകരിച്ചു. പഞ്ചായത്ത് അംഗം ശ്രീജ ഷിജോ, രാജഗിരി കോളേജ് ഡയറക്ടർ ഫാ. ഡിപിൻ കരിങ്ങേൻ, കെ.കെ കൃഷ്ണൻകുട്ടി, പി.ആർ. നാരായണൻ നായർ, പി.സി. കൃഷ്ണൻകുട്ടി, ഷീബ ചാക്കപ്പൻ, ബിജു പീറ്റർ എന്നിവർ സംസാരിച്ചു.

# പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിലും അഞ്ച് ഗ്രാമപഞ്ചായത്തുകളിലും ജലബജറ്റ്

മലപ്പുറം പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിന്റെയും അതിന്റെ പരിധിയിലുള്ള അഞ്ചു ഗ്രാമപഞ്ചായത്തുകളുടെയും ജലബജറ്റ് പ്രകാശനം പൊന്നാനി MLA പി.നന്ദകുമാർ നിർവ്വഹിച്ചു. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ആണ് ജലബജറ്റ് തയ്യാറാക്കിയത്. ബ്ലോക്ക് പ്രസിഡന്റ് അധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ ബീന ടീച്ചർ, ഷംസു കല്ലട്ടെൽ, ബിനീഷ



മുസ്തഫ, കെ.വി. ഷഹീർ, മിസ്‌രിയ സൈഫുദീൻ, ബ്ലോക്ക് വൈസ് പ്രസിഡന്റ് സൗദാമിനി, ജില്ലാ പഞ്ചായത്ത് അംഗം എ.കെ. സുബൈർ, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ജിതിൻ, ബി.ഡി.ഒ. അമൽദാസ് എന്നിവർ സംസാരിച്ചു. മേജർ - മൈനർ ഇറിഗേഷൻ വകുപ്പുകൾ, കൃഷി, KLDC, മണ്ണ് സംരക്ഷണം, തുടങ്ങിയ വകുപ്പ് ഉദ്യോഗസ്ഥർ, ഹരിതകേരളം മിഷൻ ആർ.പി.മാർ, തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.




# പാലക്കാട് മെഡിക്കൽ കോളേജിൽ പച്ചത്തുരുത്ത്

പാലക്കാട് മെഡിക്കൽ കോളേജിൽ 50 സെന്റ് സ്ഥലത്ത് 200 വൃക്ഷ തൈ നട്ടുപിടിപ്പിച്ച് പച്ചത്തുരുത്ത് ഒരുക്കുന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചു. ഹരിതകേരള മിഷന്റെ നേതൃത്വത്തിൽ സോഷ്യൽ ഫോറസ്റ്ററിയുടെ സഹകരണത്തോടെ ആരംഭിക്കുന്ന ഈ പച്ചത്തുരുത്ത് 2024 ജൂലൈ 15 നു പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ തൈകൾ നട്ട് ഉദ്ഘാടനം ചെയ്തു. മെഡിക്കൽ കോളേജ് ഡയറക്ടർ ഓ.കെ. മണി അധ്യക്ഷത വഹിച്ചു. നവകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ പി. സെയ്തലവി പച്ചത്തുരുത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു. പാലക്കാട് വിക്ടോറിയ കോളേജിലെ എൻ.എസ്.എസ് വിദ്യാർത്ഥികളുടെ സഹായത്തോടെ തൈകൾ വെച്ചു പിടിപ്പിച്ചു.

# പോഷക പച്ചത്തുരുത്ത് ഉദ്ഘാടനം

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പോഷക പച്ചത്തുരുത്ത് സ്ഥാപിച്ച് തിരുവനന്തപുരം അഴൂർ ഗ്രാമപഞ്ചായത്ത്. മുരിങ്ങ, അഗസ്തി എന്നീ വൃക്ഷ തൈകൾ കൊണ്ടുള്ള പച്ചത്തുരുത്താണ് ഗണപതിയാം കോവിൽ വാർഡിലെ 6 സെന്റിൽ നിർമ്മിച്ചത്. ജൂൺ 9 ന് രാവിലെ നടന്ന ചടങ്ങിൽ അഴൂർ പഞ്ചായത്ത് പ്രസി ഡന്റ് ആർ. അനിൽ നിർമ്മാണ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ അംബിക അധ്യക്ഷത വഹിച്ചു. 76 തൈകളാണ് പച്ചത്തുരുത്ത് ഒരുക്കുന്നതിനായി നട്ടുപിടിപ്പിച്ചത്.



# തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഹരിതസമൃദ്ധി വാർഡ്

എറണാകുളം തിരുമാറാടി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കൃഷിഭവന്റെയും ഹരിതകേരളം മിഷന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ഹരിതസമൃദ്ധി വാർഡ് പ്രവർത്തനങ്ങൾക്ക് തുടക്കമായി. ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിനെയാണ് ഹരിതസമൃദ്ധി വാർഡ് പ്രവർത്തനങ്ങൾക്കായി പ്രാഥമിക ഘട്ടത്തിൽ തിരഞ്ഞെടു



ത്തിരിക്കുന്നത്. വൈസ് പ്രസിഡന്റ് എം.എം. ജോർജ് അധ്യക്ഷത വഹിച്ച യോഗത്തിൽ പച്ചക്കറി തൈകൾ വിതരണം ചെയ്ത് കൊണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.സന്ധ്യാമോൾ പ്രകാശ് ഉദ്ഘാടനം നിർവഹിച്ചു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ സുരേഷ് എ.എ വിഷയാവതരണം നടത്തി.

പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഓരോ വീട്ടിലും ലഭ്യമായ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുക, വാർഡിലെ മുഴുവൻ വീടുകളിലും പ്രദേശങ്ങളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, ഇതിനായി നിലവിലെ പദ്ധതികളുടെ സംയോജന സാധ്യത ഉപയോഗപ്പെടുത്തുക, വിഷരഹിത പച്ചക്കറികളുടെ ഉൽപാദനം വർധിപ്പിക്കുക തുടങ്ങിയവയാണ് ഹരിതകേരളം മിഷന്റെ സഹായത്തോടെ നടത്തുന്ന ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

# കട്ടപ്പന ബ്ലോക്കിൽ ജലബജറ്റ് പ്രകാശനം

ഇടുക്കി കട്ടപ്പന ബ്ലോക്കുതല ജലബജറ്റ് പ്രകാശനം ബ്ലോക്ക് പഞ്ചയാത്ത് പ്രസിഡന്റ് വി.പി. ജോൺ നിർവഹിച്ചു. ചടങ്ങിൽ നവകേരളം കർമപദ്ധതി കോർഡിനേറ്റർ രഞ്ജിനി എസ്. ജലബജറ്റ്



വിഷയാവതരണം നടത്തി. കട്ടപ്പന ബ്ലോക്ക് പരിധിയിലെ വണ്ടൻമേട്, ഇരട്ടയാർ ചക്കുപള്ളം, കാഞ്ചിയാർ, അയ്യപ്പൻ കോവിൽ, ഉപ്പുതറ പഞ്ചായത്തുകളെ ഉൾപ്പെടുത്തിയാണ് ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ജലബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ജനകീയമായിട്ടാണ് ജലബജറ്റ് പ്രവർത്തനം സംഘടിപ്പിച്ചത്. ബ്ലോക്ക് പരിധിയിലെ പഞ്ചായത്തുകളിലെ ജലലഭ്യത, ജല ആവശ്യകത എന്നിവയാണ് ജലബജറ്റിൽ അടിസ്ഥാനമാക്കിയിരിക്കുന്നത്.




# പായം ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ ഹരിത ക്ലബ്ബ്

കണ്ണൂർ പായം ഗ്രാമപഞ്ചായത്തിലെ മുഴുവൻ സ്കൂളുകളിലും ഹരിത ക്ലബ്ബ് രൂപീകരണ പ്രവർത്തനം പൂർത്തീകരിച്ചു. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട 60 വിദ്യാർത്ഥികളെയാണ് ഹരിത പോലീസ് കേഡറ്റിൽ ആദ്യ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. തുടർന്നുള്ള വർഷങ്ങളിൽ മറ്റു കുട്ടികളെയും തെരഞ്ഞെടുക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മണ്ണിനെയും ജലത്തെയും പ്രകൃതിയെയും സംരക്ഷിക്കുന്നതിനും വിദ്യാലയങ്ങളിലും വീടുകളിലും പൂന്തോട്ടങ്ങളും പച്ചത്തുരുത്തുകളും സ്ഥാപിക്കുന്നതിനും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പഠിക്കാനും മറ്റുള്ളവർക്ക് പകരുന്നതിനും നേതൃത്വപരമായ പങ്ക് വഹിക്കുക എന്നതാണ് ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുള്ളത്.ഹരിത കേഡറ്റ് വിദ്യാർത്ഥികൾക്ക് പ്രത്യേക ക്യാമ്പ് സംഘടിപ്പിച്ചാണ് ഒന്നാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചത്.

ഇതിന്റെ തുടർ പ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് എല്ലാ സ്കൂളുകളിലും ഹരിത ക്ലബ്ബ് രൂപീകരിച്ചത്. കുട്ടികളുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും കുട്ടികളെ ബോധ്യപ്പെടുത്താനും ചെടികൾ വച്ചു പിടിപ്പിക്കുന്നതിനും ഹരിത പെരുമാറ്റ ചട്ടങ്ങൾ പാലിക്കുന്നതിനും മാലിന്യ സംസ്കരണങ്ങളിൽ പരിശീലനം നൽകുന്നതിനും ക്ലബിന്റെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. വലിച്ചെറിയപ്പെടുന്ന പാഴ് വസ്തുക്കളുടെ പുനരുപയോഗത്തിലൂടെ പുത്തൻ ആശയങ്ങൾ കുട്ടികളിലെത്തിക്കാനും പദ്ധതി ലക്ഷ്യമിടുന്നു.

# പുള്ളന്നൂർ ന്യൂ ഗവണ്മെന്റ് എൽ.പി. സ്കൂളിൽ പച്ചത്തുരുത്ത്



ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെയും ചാത്തമംഗലം ഗ്രാമപഞ്ചായത്തിന്റെയും സഹകരണത്തോടെ പുള്ളന്നൂർ ന്യൂ ഗവണ്മെന്റ് എൽ.പി. സ്കൂളിൽ പച്ചത്തുരുത്ത് ഒരുങ്ങുന്നു. പദ്ധതിയുടെ ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഓളിക്കൽ ഗഫൂർ നിർവഹിച്ചു. പുള്ളന്നൂർ ഗവണ്മെന്റ് എൽ. പി. സ്കൂൾ പ്രധാന അധ്യാപകൻ സുരേഷ് ബാബു അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ റിസോഴ്സ് പേഴ്സൺ രാജേഷ് പദ്ധതി വിശദീകരണം നടത്തി. പി.ടി.എ. പ്രസിഡന്റ് അബ്ദുൾ ഹക്കീം, അധ്യാപകർ, വിദ്യാർത്ഥികൾ, സ്കൂൾ ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു. പദ്ധതിയുടെ ഭാഗമായി പുള്ളന്നൂർ ന്യൂ ഗവ. എൽ.പി. സ്കൂളിൽ മാവ്, സപ്പോട്ട, പേര, ജാമ്പ, തുടങ്ങിയ തൈകൾ ആണ് ആദ്യ ഘട്ടത്തിൽ നടുന്നത്. 50 സെന്റ് സ്ഥലത്ത് തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെയാണ് തൈകൾക്ക് പരിപാലനം.

# നെറ്റ് സീറോ കാർബൺ കേരളം : LED ബൾബ് റിപ്പയറിംഗ് പരിശീലനം




നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ' ക്യാമ്പയിനിന്റെ ഭാഗമായി LED ബൾബ് റിപ്പയറിങ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയ ഹരിത കർമസേനാംഗങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം കണ്ണൂർ ജില്ലാ കളക്ടർ അരുൺ കെ. വിജയൻ IAS നിർവഹിച്ചു. ഹരിതകേരളം മിഷനും ഗവ. ഐടിഐ തോട്ടടയും ചേർന്നാണ് ത്രിദിന പരിശീലനം സംഘടിപ്പിച്ചത്. ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ സറീന എ. റഹ്മാൻ അധ്യക്ഷത വഹിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, ഗവ. ഐ.ടി.ഐ. വൈസ് പ്രിൻസിപ്പാൾ സുധ കെ.എൽ., ഇൻസ്ട്രക്ടർ സജിത്ത് കുമാർ ബി.പി. തുടങ്ങിയവർ സംസാരിച്ചു. ആദ്യഘട്ടത്തിൽ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട 13 ഗ്രാമപഞ്ചായത്തുകളിലെ 40 ഹരിത കർമസേന അംഗങ്ങൾക്കാണ് കണ്ണൂർ ഗവ. ഐടിഐയിൽ വെച്ച് പരിശീലനം നൽകിയത്.

# കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിൽ ദേവഹരിതം പദ്ധതിക്കും പച്ചത്തുരുത്തിനും തുടക്കം

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിലെ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്തിലെ ചൊവ്വല്ലൂർ ശിവക്ഷേത്രത്തിൽ ദേവാലയങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്ന പദ്ധതിയായ ദേവഹരിതത്തിനും ജൈവവൈവിധ്യത്തെ പരിപോഷിപ്പിക്കുന്ന പച്ചത്തുരുത്തിനും തുടക്കം കുറിച്ചു. കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ജയൻ പദ്ധതി ഉദ്ഘാടനം ചെയ്തു. ക്ഷേത്രാങ്കണത്തിൽ നടന്ന പരിപാടിയിൽ കണ്ടാണശ്ശേരി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ധനൻ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി തൃശ്ശൂർ ജില്ലാ കോർഡിനേറ്റർ ദിദിക സി. പങ്കെടുത്തു. ദേവസ്വം ഭരണസമിതി അംഗം കെ. ഉണ്ണികൃഷ്ണൻ സ്വാഗതമാശംസിച്ചു.



# മീനങ്ങാടി ചീരാംകുന്നിൽ പച്ചത്തുരുത്ത്

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വയനാട് ജില്ലയിലെ മീനങ്ങാടി പഞ്ചായത്തിലെ ചീരാംകുന്ന് PHC ക്ക് സമീപത്ത് പുതിയ പച്ചത്തുരുത്ത് ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് കെ.ഇ. വിനയൻ നിർവഹിച്ചു. കാട് മൂടികിടന്ന 40 സെന്റ് സ്ഥലം



വൃത്തിയാക്കിയാണ് ഓക്സിജൻ പാർക്ക് എന്ന് പേരിട്ട മുള പച്ചതുരുത്ത് ഒരുക്കിയത്. 8 വ്യത്യസ്ത ഇനത്തിൽ പെട്ട 136 ഓളം മുള തൈകളാണ് പച്ചത്തുരുത്ത് ഒരുക്കുന്നതിനു വേണ്ടി കൃഷി ഭവനിൽ നിന്നും ലഭ്യമാക്കിയത്. നെറ്റ് സീറോ കാർബൺ കേരളം ജനങ്ങളിലൂടെ ക്യാമ്പയിനിൽ ഉൾപ്പെടുന്ന പഞ്ചായത്താണ് മീനങ്ങാടി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് നുസ്രത്ത് കെ.പി. ചടങ്ങിൽ അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ ബേബി വർഗീസ്, കൃഷി ഓഫീസർ ജ്യോതി സി. ജോർജ്, ഹരിതകേരളം മിഷൻ ആർ.പി. അഖിയ തുടങ്ങിയവർ സംസാരിച്ചു. ജനപ്രതിനിധികൾ, NREGA AE, ഓവർസിയർ, കൃഷി അസിസ്റ്റന്റ്, ഹരിതകേരളം മിഷൻ ഇന്റേൺ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങിയവർ പങ്കെടുത്തു.

# മുഴപ്പിലങ്ങാട് കണ്ടൽ തുരുത്ത് നടീൽ

കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്ത് കണ്ടൽ തുരുത്ത് നടീൽ ഉദ്ഘാടനവും ജല ബജറ്റ് പ്രകാശനവും ജില്ല പഞ്ചായത്ത് പ്രസിഡന്റ് പി.പി. ദിവ്യ നിർവ്വഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ല കോഡിനേറ്റർ ഇ.കെ. സോമശേഖരൻ മുഖ്യാതിഥിയായി. കണ്ണൂർ കണ്ടൽ പ്രോജക്ട് മാനേജർ രമിത്ത് പദ്ധതി വിശദീകരണം നടത്തി. ചടങ്ങിൽ ജനപ്രതിനിധികൾ, ഹരിതകേരളം മിഷൻ RP മാർ, മുഴപ്പിലങ്ങാട് ഹയർ സെക്കൻഡറി സ്കൂളിലെ NSS വിദ്യാർത്ഥികൾ, അദ്ധ്യാപകർ, തൊഴിലുറപ്പ് തൊഴിലാളികൾ, പ്രദേശവാസികൾ എന്നിവർ പങ്കെടുത്തു.



മമ്മാക്കുന്ന് പാലം മുതൽ മാഹി ബൈപാസ് വരെയുള്ള 8 ഏക്കർ സ്ഥലത്താണ് കണ്ടൽത്തുരുത്ത് ഒരുക്കുന്നത്.

# പരപ്പ ബ്ലോക്ക് പഞ്ചായത്ത് ജലബജറ്റ് പ്രകാശനം ചെയ്തു

കാസർഗോഡ് പരപ്പ ബ്ലോക്ക് പഞ്ചായത്ത് ജല വിനിയോഗവും സംരക്ഷണവും ലക്ഷ്യമിട്ട് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ ജലബജറ്റ് റിപ്പോർട്ട് തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ എം.കെ. ഹരിദാസിന് നൽകി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ലക്ഷ്മി പ്രകാശനം ചെയ്തു. വൈസ് പ്രസിഡന്റ് കെ. ഭൂപേഷ് അധ്യക്ഷനായി. ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ, സ്ഥിരം സമിതി അംഗങ്ങൾ, ഹരിതകേരളം റിസോഴ്സ് പേഴ്സൺ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, ജി.ഇ.ഒ.



എന്നിവർ സംസാരിച്ചു.

# പൂക്കൾ ചിരിക്കും മൂന്നുപെരിയ




കണ്ണൂർ-കൂത്തുപറമ്പ് റൂട്ടിലെ പെരളശേരി മൂന്നുപെരിയയിലേക്ക് വരവേൽക്കുന്നത് മനോഹര കാഴ്ചകൾ ചെടികളും പൂക്കളും ചിത്രങ്ങളും ശലഭങ്ങളുമാണ്. റോഡരികിൽ മൂന്നുപെരിയ തീർക്കുന്ന വിസ്മയത്തിന് പിന്നിൽ കർമ്മനിരതരായ ഒരുകൂട്ടം ആളുകളുടെ നിതാന്ത ജാഗ്രതയുണ്ട്. മോടിപിടിപ്പിച്ച ടൗണിനെ കൂടുതൽ മോടിയോടെ പരിപാലിക്കാനും നിലനിർത്താനുമുള്ള പരിശ്രമത്തിലാണ് എ.കെ.ജി. വായനശാലയുടെ 30 പേരടങ്ങിയ 'ടീം മൂന്നുപെരിയ'. 19 മാസമായി അവർ ടൗണിനെ ശുചിയായി സൂക്ഷിക്കുന്നുണ്ട്.

പെരളശേരി ഗ്രാമപഞ്ചായത്ത്, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവർക്കൊപ്പം പഞ്ചായത്ത് അംഗങ്ങളും പദ്ധതിയുമായി സഹകരിക്കുന്നു. നഗരസൗന്ദര്യവൽക്കരണ പദ്ധതിയുടെ ഭാഗമായി നഗരത്തിൽ 160 ചെടിച്ചട്ടികൾ സ്ഥാപിച്ചു. നഗരത്തിൽ കുന്നുകൂടിയ മാലിന്യങ്ങൾ മാറ്റി തോട്ടം നിർമ്മിച്ചു. ബസ് കാത്തിരിപ്പ് കേന്ദ്രത്തിൽ ടി.വി., റേഡിയോ, കുടിവെള്ളം, ഫസ്റ്റ് എയ്ഡ് ബോക്സ്, ക്ലോക്ക് എന്നിവയും സജ്ജമാക്കിയിട്ടുണ്ട്. ബസ് കാത്തിരിപ്പിന്റെ ഇടവേളയിൽ വായനയ്ക്കായി പത്രങ്ങളും ആനുകാലികങ്ങളുമടങ്ങിയ മിനി വായനശാലയും, പുസ്തകങ്ങളുമായി മിനി ലൈബ്രറിയുമുണ്ട്.

# കുത്തൊഴുക്കിലും പിടിച്ചു നിന്നു, മുളങ്കൂട്ടങ്ങൾ

പാലക്കാട് വടക്കഞ്ചേരി, മംഗലംഡാം പ്രദേശത്തുണ്ടായ ഉരുൾപൊട്ടലിൽ വിവിധയിടങ്ങളിൽ നാശം വിതച്ച് മംഗലം പുഴയിലൂടെ മലവെള്ളം കുത്തിയൊഴുകി കടന്നുപോയപ്പോൾ ദേശീയ പാതയിൽ മംഗലംപാലത്ത് പുഴയോരം ഇടിയാതെ ഉറച്ചുനിന്നു. ആറുവർഷം മുമ്പ് ഇവിടെ നട്ടുവളർത്തിയ മുളക്കൂട്ടങ്ങളായിരുന്നു ഈ കരുത്തിനുപിന്നിൽ.

പോത്തുണ്ടി മേഖലയിൽനിന്നും പൂർണമായി തുറന്ന മംഗലംഡാമിൽനിന്നും പുഴയിലേക്കെത്തിയ വെള്ളം മുളങ്കൂട്ടങ്ങളെ പൂർണമായി മുക്കിയിരുന്നു. മഴകുറഞ്ഞ് വെള്ളം താഴ്ന്നതോടെ മൺതിട്ടയും മുളങ്കൂട്ടങ്ങളും പഴയതുപോലെ തെളിഞ്ഞു. അല്പം മേൽ മണ്ണ് ഒഴുകിപ്പോയി. നാലോ അഞ്ചോ മുളകൾ വളഞ്ഞു. മറ്റൊന്നും സംഭവിച്ചില്ല. പുഴ കരകവിഞ്ഞ് വീടുകളിലും സ്ഥാപനങ്ങളിലും വെള്ളം കയറിയെങ്കിലും വെള്ളം ശക്തിയായി അടിച്ചുകയറുന്നത് പ്രതിരോധിക്കാൻ മുളങ്കൂട്ടങ്ങൾക്കായി.

ഹരിതകേരളം മിഷന്റെ പച്ചത്തുരുത്ത് പദ്ധതിയിലാണ് മംഗലം പാലത്ത് മുളകൾ വെച്ചത്. പ്രളയത്തിൽ കുറച്ചൊക്കെ നശിച്ചെങ്കിലും വീണ്ടും നട്ടു. താമസിയാതെ മുളകൾ വളർന്ന് വേരുറച്ചു. തൊഴിലുറപ്പ്, നാഷണൽ സർവീസ് സ്കീം, പെൻഷനേഴ്സ് യൂണിയൻ, ഹരിത കാർഷിക ക്ലബ്ബ് തുടങ്ങിയവർ ചേർന്ന് പച്ചത്തുരുത്ത് പരിപാലിച്ചു പോന്നു.

ഒഴിവുസമയങ്ങളിൽ വന്നിരിക്കാനുള്ള മനോഹരമായ സ്ഥലം കൂടിയായി പച്ചത്തുരുത്ത് മാറി. പരിസ്ഥിതി സംരക്ഷണത്തിൽ പച്ചത്തുരുത്തിന്റെ പ്രധാന്യം വ്യക്തമാക്കുന്നതാണ് മംഗലംപുഴയിലെ പച്ചത്തുരുത്തെന്ന് നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ പി. സെയ്തലവി പറഞ്ഞു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01
Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246